നമ്പർ. ജി(2)-38833/2007.

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, തീയതി, 17.1.2009.

# സർക്കുലർ നമ്പർ: 2/2009

വിഷയം: സഹകരണ വകുപ്പ് – സഹകരണ സ്ഥാപനങ്ങളിലെ വിവിധ പരിപാടികൾ – കൈത്തറി വസ്ത്രങ്ങളുടെ ഉപയോഗം വർദ്ധിപ്പിക്കുന്നതിനായി പൊതു ചടങ്ങുകളിൽ ഖാദി/കൈത്തറി ഷാളുകൾ ഉപയോഗിക്കുന്നത് സംബന്ധിച്ച് – നിർദ്ദേശം പുറപ്പെടുവിക്കുന്നു.

സൂചന: ഈ ആഫീസിലെ 18.8.2007 ലെ ജി(2)38833/2007 നമ്പർ മേലെഴുത്ത്.

സർക്കാർ മേഖലയിലും അല്ലാതെയും നടക്കുന്ന പൊതു ചടങ്ങുകളിൽ കൈത്തറി ഉൽപ്പന്നങ്ങൾ കൂടുതലായി ഉപയോഗിക്കുന്നത് കൈത്തറി/ഖാദി ഷാൾ, പൊന്നാട, തോർത്ത്,മുണ്ട് എന്നിവ ഉപയോഗിക്കുന്നതിനെ സംബന്ധിച്ച് സൂചന പ്രകാരം നിർദ്ദേശം പുറപ്പെടുവിച്ചിരുന്നു.

എന്നാൽ സഹകരണ സ്ഥാപനങ്ങൾ സംഘടിപ്പിക്കുന്ന വിവിധ ചടങ്ങുകളിൽ പങ്കെടുക്കുന്ന വിശിഷ്ടാതിഥികളെ പൂമാല അണിയിച്ചും, ബൊക്ക തുടങ്ങിയവ നൽകി സ്വീകരിക്കുക എന്ന പൊതു രീതി തുടർന്നു വരുന്നുണ്ട്. ഇത്തരം സ്വീകരണ ചടങ്ങുകളിൽ കൈത്തറി/ഖാദി ഉത്പന്നങ്ങൾ ഉപയോഗിക്കുകയാണെങ്കിൽ സംസ്ഥാനത്തെ പരമ്പരാഗത വ്യവസായ മേഖലയിൽപ്പെട്ട ഖാദിക്കും കൈത്തറിക്കും ഒരു പ്രോത്സാഹനമാകുമെന്നും ആയതിനാൽ ഈ മേഖലയെ സഹായിക്കുവാൻ നടപടി സ്വീകരിക്കണമെന്നും ബഹുമാനപ്പെട്ട വ്യവസായ വകുപ്പ് മന്ത്രി ബഹുമാനപ്പെട്ട സഹകരണ വകുപ്പ് മന്ത്രിയോട് അഭ്യർത്ഥിച്ചിട്ടുണ്ട്. സഹകരണ മേഖലയ്ക്ക് ഇക്കാര്യത്തിൽ കാര്യക്ഷമമായി പ്രവൃത്തിക്കുവാൻ കഴിയുമെന്നതിനാൽ സഹകരണ സംഘങ്ങൾ സംഘടിപ്പിക്കുന്ന പരിപാടികളിൽ , കഴിയുന്നിടത്തോളം അതിഥികൾക്ക് ബൊക്കെയ്ക്ക് പകരം കൈത്തറി/ഖാദി ഷാൾ, പൊന്നാട, തോർത്ത്, മുണ്ട് മുതലായ ഉൽപ്പന്നങ്ങൾ ഉപയോഗിക്കുവാൻ എല്ലാ സഹകരണ സംഘങ്ങളും നടപടികൾ സ്വീകരിക്കണമെന്ന് നിർദ്ദേശിക്കുന്നു.

ഒപ്പ്,

റാണിജോർജ്ജ് ഐ.എ.എസ്.
സഹകരണ സംഘം രജിസ്ട്രാർ.

പകർപ്പ്:

1. എല്ലാ അപ്പക്സ് സ്ഥാപനങ്ങൾക്കും.
2. എല്ലാ ജില്ലാസഹകരണ ബാങ്കുകൾക്കും.
3. എല്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാർക്കും.
4. എല്ലാ ജോയിന്റ് രജിസ്ട്രാർ (ആഡിറ്റ്) മാർക്കും.
5. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) മാർക്കും (ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖേന)
6. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ (ആഡിറ്റ്) മാർക്കും (ജോയിന്റ് രജിസ്ട്രാർ (ആഡിറ്റ്)മുഖേന)
7. എല്ലാ പ്രൈമറി സഹകരണ സ്ഥാപനങ്ങൾക്കും (ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖേന)
8. ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസ്, സഹകരണ വിജിലൻസ്, തിരുവനന്തപുരം.
9. സഹകരണ വിജിലൻസ് മേഖലാ ആഫീസുകൾ.
10. ഈ ആഫീസിലെ എല്ലാ ആഫീസർമാർക്കും.
11. ഈ ആഫീസിലെ എല്ലാ സെക്ഷനുകൾക്കും.
12. സഹകരണ വീഥി പ്രസിദ്ധീകരണത്തിന്.
13. സ്റ്റോക്ക് ഫയൽ/സ്പെയർ.

ആജ്ഞാനുസരണം,

ഡെപ്യൂട്ടി രജിസ്ട്രാർ (വിജിലൻസ്)